ഉത്തരം

(എ) തീരദേശമേഖലകളിൽ പുതിയ വീടുകൾ നിർമ്മിക്കുന്നതിനുള്ള നിബന്ധനകൾ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തീരദേശ മേഖലയിൽ ഭവന നിർമ്മാണത്തിന് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ വിട്ടുള്ള സ്ഥലത്ത് ഭവനനിർമ്മാണത്തിന് അനുമതി നൽകണമെന്ന് വ്യവസ്ഥ ചെയ്യുവാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) കേന്ദ്രസർക്കാരിന്റേയും കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുകയും, അതോറിറ്റി പ്രത്യേക ഇളവുകൾക്കായി കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന കാലതാമസം

19 (1551) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാനുള്ള നിർദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) ഭരണാനുമതി നൽകിക്കഴിഞ്ഞ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകാൻ വരുത്തുന്ന അനാവശ്യ കാലതാമസത്തിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശോധന നടത്താൻ നിർദ്ദേശം നൽകുമോ ;

(സി) എഗ്രിമെന്റിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാലാവധി കഴിഞ്ഞും പദ്ധതി പ്രവർത്തനങ്ങൾ അനന്തമായി നീണ്ടു പോകുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; ഇതൊഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരം നൽകുമോ ;

(ഡി) പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും കാലതാമസം ഒഴിവാക്കി അധികച്ചെലവുണ്ടാകുന്നതു തടയാൻ ഉദ്ദേശിച്ചുള്ള പ്രായോഗിക നടപടികൾ പരിഗണനയിലുണ്ടോ ; അത്തരം നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാനായി 6-8-2008-ലെ ജി.ഒ.(പി) നമ്പർ. 351/08/ഫിൻ അനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ സാമ്പത്തിക അധികാര പരിധി

LIBRARY ARCHIVES Kerala Legislative Assembly

ഒരു കോടി രൂപയിൽ നിന്നും 3 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, 6-5-2009-ലെ 8493/സി.പി.എം.യൂ(1)/08/പ്ലാനിംഗ് നമ്പർ സർക്കുലർ പ്രകാരം പുതിയ പദ്ധതി, തുടരുന്ന പദ്ധതി, സ്പിൽ ഓവർ പദ്ധതി എന്നിവയും പുനർ നിർവ്വചിച്ച് നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ മാസവും ചീഫ് സെക്രട്ടറി ഗവൺമെന്റ് സെക്രട്ടറിമാരുടെ യോഗം വിളിച്ചു ചേർത്ത് പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തുകയും പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശം നൽകാറുമുണ്ട്.

(ബി) ഭരണാനുമതി നൽകിക്കഴിഞ്ഞ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് അനാവശ്യ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാറുണ്ട്. എന്നാൽ നിർമ്മാണ വസ്തുക്കളുടെ ഭൗർലഭ്യം, പ്രതികൂല കാലാവസ്ഥ, നിയന്ത്രണാതീതമായ മറ്റു കാരണങ്ങൾ എന്നിവയാൽ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുകയാണെങ്കിൽ ഇത് തരണം ചെയ്യാൻ വേണ്ട പ്രായോഗിക നടപടികൾ സ്വീകരിക്കാറുണ്ട്.

പശ്ചിമഘട്ട വികസന പദ്ധതി

20 (1552) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജക മണ്ഡലത്തിൽ പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര നീർത്തടാധിഷ്ഠിത വികസന പദ്ധതികളുടെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത് ; അവ ഏതൊക്കെ ; എത്ര വർഷം കൊണ്ടാണ് ഇവ പൂർത്തിയാക്കേണ്ടത് ; പദ്ധതി പൂർത്തീകരിക്കുമ്പോഴേക്കും, ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് ചെലവഴിക്കേണ്ടി വരിക എന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ ; ഏതൊക്കെ തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതികളിൽ വിഭാവനം ചെയ്തിട്ടുള്ളത് ;

(ബി) റാന്നി, സീതത്തോട് എന്നീ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച്, പശ്ചിമഘട്ട വികസന പദ്ധതിയിലുൾപ്പെടുത്തി, ഇത്തരം മണ്ണ് - ജല സംരക്ഷണ പദ്ധതികൾക്ക് ഇതേവരെ അനുമതി ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly